പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 973 — 13.06.2013-ലെ മറുപടിക്ക്

## സമഗ്രഅദ്ധ്യാപക പാക്കേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ശിവദാസൻ നായർ<br>,, ലൂഡി ലൂയിസ്<br>,, എം.എ. വാഹീദ്<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സമഗ്ര അദ്ധ്യാപക പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ഉറപ്പാക്കിയതിന്റെ ഭാഗമായി പ്രശ്നരഹിതമായ അദ്ധ്യാപക സമൂഹം അത്യാവശ്യഘടകമാണെന്നതിന്റ അടിസ്ഥാനത്തിലാണ് അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചത്. അതുപോലെ എയ്ഡഡ് സ്കൂൾ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുകയും ലക്ഷ്യമായിരുന്നു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുകയും വിവിധ കാരണത്താൽ നിയമനാംഗീകാരമില്ലാതെ തുടർന്നിരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും 1.6.2011 മുതൽ നൽകുന്നതിനും കുട്ടികളുടെ കുറവ് മൂലം സർവ്വീസിൽ നിന്നും പുറത്തുപോയ അദ്ധ്യാപകർക്ക് പുനർ നിയമനം നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചത്. |

| | | | |
|---|---|---|---|
| (ബി) | സമഗ്ര അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | അദ്ധ്യാപക പാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2,813 അദ്ധ്യാപകർക്ക് അംഗീകാരം നൽകി ശമ്പളം നൽകി. കൂടാതെ തസ്തികയില്ലാതെ സർവ്വീസിൽ തുടർന്ന 134 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, കുട്ടികളുടെ കുറവ് മൂലം പുറത്തുപോയ 51 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ 1,159 റീട്രഞ്ച്ഡ് ടീച്ചേഴ്സ്, പഞ്ചായത്ത് സ്കൂളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 പേർ, കുട്ടികളുടെ കുറവ് മൂലം പുറത്തുപോയ 11 പേർ സ്പെഷ്യൽ സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 അദ്ധ്യാപകർ, റീട്രഞ്ച്ഡ് ആയ 10 അദ്ധ്യാപകർ,നിയമന അംഗീകാരം ലഭിക്കാതെ ജോലിചെയ്തിരുന്ന എയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകരായ 182 പേർ എന്നിവർക്ക് നിയമനാംഗീകാരവും ശമ്പളവും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പാക്കേജിന്റെ നടപ്പാക്കൽ എന്ന് പൂർണ്ണമാകും എന്നാണ് കരുതുന്നത് ; വിശദമാക്കുമോ? | (സി) | 2013-14 വർഷത്തെ തസ്തിക നിർണ്ണയത്തോടുകൂടി കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക തസ്തികയിലെ കുറവും, വർദ്ധനവും മനസ്സിലാക്കാൻ സാധിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക പാക്കേജിന്റെ ഭാഗമായ അദ്ധ്യാപക ബാങ്കിന്റെ സ്ഥിതിയെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ